# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2387 — 20.6.2012 ന് മറുപടിയ്ക്ക്

### പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സ്കിൽ-ഡെവലപ്മെന്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ജമീലാ പ്രകാശം: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് സ്കിൽ ഡെവലപ്മെന്റി നായി എന്തൊക്കെ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) 12-ാം പഞ്ചവത്സര പദ്ധതി കാലത്ത് നിലവിലുള്ള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്ററുകളിലൂടെ നടപ്പിലാക്കി വരുന്ന അപ്രന്റീസ് ട്രെയിനിംഗ്, സെന്റേഴ്സ് ഓഫ് എക്സലൻസുകളിലൂടെ നടത്തിവരുന്ന സി.ഒ.ഇ ട്രെയിനിംഗ്, ബെയ്സിക് ട്രെയിനിംഗ് സെന്ററിലൂടെയും അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റങ്ങളിലൂടെയും നടത്തുന്ന ട്രെയിനിംഗ്, ഇവ കൂടാതെ സമീപ കാലത്താരംഭിച്ച മോഡുലാർ എംപ്ലോയബിൾ സ്കിൽസ് സ്കീം പ്രകാരം നടത്തുന്ന സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റിവ് സ്കീം, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ആവശ്യം അനുസരിച്ച് തൊഴിൽ മേഖലകളിലെ പരിശീലനം എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത കോഴ്സുകൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖാന്തിരം തുടങ്ങാ നാണ് ഉദ്ദേശിക്കുന്നത്; വ്യക്ത മാക്കുമോ; | (ബി) നിലവിലുള്ള ഐ.ടി.ഐ. കൾ, ട്രെയിനിംഗ് സ്ഥാപനങ്ങൾ, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലൂടെ നടത്താൻ ഉദ്ദശിക്കുന്നു. |
| (സി) ഇതിലേയ്ക്കായി സ്വകാര്യ സ്ഥാപ നങ്ങളെയും സർക്കാർ സ്ഥാപ നങ്ങളെയും പരിഗണി ക്കുന്നുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) പുതിയ തൊഴിൽ മേഖലകളിൽ (ജോബ് മാർക്കറ്റ്) എപ്പോഴും ഡിമാന്റുള്ള ട്രേഡുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൺസ്ട്രക്ഷൻ, പ്രൊഡക്ഷൻ, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽസ് തുടങ്ങിയ കോഴ്സുകളിൽ തീവ്രപരിശീലനം നൽകി ലോകോത്തര നിലവാരമുള്ള വിദഗ്ദ തൊഴിലാളികളെ വാർത്തെടുക്കാൻ പര്യാപ്തമായ രീതിയിൽ ട്രെയിനിംഗ് പ്രോഗ്രാം തയ്യാർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.<br><br>മോഡുലാർ എംപ്ലോയബിൾ സ്കിൽസ് (MES) സ്കീമിൽ 63 സെക്ടറുകളിലായി 1158 കോഴ്സുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 88 വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ (VTP) കളിലൂടെ വിവിധ കോഴ്സുകളിൽ ഹ്രസ്വകാല പരിശീലനം നൽകിവരുന്നു. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 150 കോടി രൂപ ചെലവിൽ അഞ്ചു ലക്ഷം പേരെ VTP കോഴ്സുകളിലൂടെ പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ